നോവലെറ്റ് അവസാനിക്കുന്നു

# കുഴിയാനകൾ

മീനു എലിസബത്ത്

## നാല്

> ഒരു വലിയ നിശ്വാസത്തോടെ അപ്പച്ചന്റെ നെഞ്ചോടു ചാരിക്കിടന്ന് അമ്മച്ചി വായിക്കുന്നത് ശ്രദ്ധിച്ചു.

**പെ**ണ്ണുങ്ങൾക്ക് കുളിക്കാനും തുണി നനയ്ക്കാനുമായി അപ്പച്ചൻ പറമ്പിന്റെ തെക്ക് വശത്തെ കൈത്തോ ട്ടില് പ്രത്യേകം ഉണ്ടാക്കിച്ച കടവാണിത്.

ഞാൻ അമ്മച്ചിയുടെ കൈകളില് കിടന്നാണ് പതയ്ക്കാൻ പഠിച്ചത്. അമ്മച്ചി എന്നെ ഇടയ്ക്ക് കരയ്ക്ക് കൊണ്ട് ഇരുത്തിയിട്ട് മുങ്ങാംകുഴി ഇടും. പതച്ച് അക്കരെ ഇക്കരെ പോകും. ചിലപ്പോള് എന്നെ പേടിപ്പിക്കാൻ മുങ്ങിക്കിടക്കും. ഞാൻ നോക്കി ഇരിക്കും, അമ്മച്ചി മുങ്ങിയ സ്ഥലത്തേക്ക്. അന്നേരം വന്ന് എന്റെ കാലില് ഒരു പിടിത്തം. അമ്മച്ചി കടവില് വന്നു പൊങ്ങും. പിന്നെയും എന്നെ വെള്ളത്തില് ഇറക്കും. ഇഞ്ചയും സോപ്പും തേച്ചു കുളിപ്പിക്കും.

ഇടയ്ക്ക് കാലില് വല്ല ചൊറിയോ ചിരങ്ങോ മറ്റോ ഉണ്ടെങ്കില് വെള്ളത്തില് കാലിട്ട് മീൻ കൊത്താനായി ഇരുത്തും. ഇക്കിളിപ്പെടുത്തുന്ന മീൻ ചുണ്ടുകള് എന്റെ കാലില് , കുമളിച്ചു മഞ്ഞച്ച് നില്ക്കുന്ന ചൊറിക്കുട്ടന്മാരെ ആക്രമിക്കും. അവരുടെ പരാമക്രമങ്ങള് കാണുമ്പോള് ഞാൻ ചിരിക്കും. മണ്ണിലും ചേറിലും ഉള്ള കളി കാരണം ചൊറികള് എന്റെ കാലില് സാധാരണം ആയിരുന്നു. മുങ്ങിയും പതച്ചും വിസ്തരിച്ചു കുളിച്ചും കുളിപ്പിച്ചും കഴിഞ്ഞ് എന്നെ തോർത്തില് പുതച്ചു എടുത്തോണ്ടാണ് അമ്മച്ചി തിരികെ വരുന്നത്. കാലില് മണ്ണ് പറ്റാതെ ഇരിക്കാനാണ് ആ എടുക്കല്.

അത് കഴിഞ്ഞാല് പിന്നെ അമ്മച്ചിയെ ഒന്ന് കാണാൻ കിട്ടണമെങ്കില് സന്ധ്യ ആവണം. ഉച്ചയ്ക്ക് പറമ്പ് പണിക്കാര് ഉണ്ണാൻ വരും. ഉച്ചകഴിഞ്ഞ് കറവക്കാരൻ വരും. ചിലപ്പോള് പശുക്കളെയും ആടുകളെയും കുത്തിവെപ്പിക്കാൻ ആള് വരും. നാല്മണി പലഹാരങ്ങള് ഉണ്ടാക്കണം. പണിക്കാർക്ക് കട്ടനും വല്ല കടിയും കൊടുക്കണം. അങ്ങനെ തിരക്ക് തന്നെ തിരക്ക്.

സന്ധ്യ ആകുമ്പോള് പണി എല്ലാം തീർത്തു ഞങ്ങള് വീണ്ടും തിണ്ണയില് ഒത്തുകൂടും. റോസിയും, ഞങ്ങളുടെ കൂടെ കൂടും. അപ്പോഴേക്കും അപ്പച്ചനും എത്തും. വള്ളം വീട് അടുക്കാറാകുമ്പോള്, കുഞ്ഞുമോൻചേട്ടൻ പ്രത്യേക ശബ്ദത്തില് ഒരു വിളി ഉണ്ട്. "പൂഐയീ...' അത് കേൾക്കുമ്പോളെ ഞാൻ കടവത്തേക്ക് ഓടും. കൈ പിടിക്കാൻ ചെല്ലുമ്പോള് അപ്പച്ചൻ വിലക്കും. "എടി... എടി.... ഞാൻ ആകപ്പാടെ വിയർത്തു കുളിച്ചിരിക്കുവാ... വേഗം ഒന്ന് മുങ്ങിയെച്ചു വരാം കേട്ടോ. അപ്പച്ചന് കുടിക്കാൻ വല്ലതും എടുക്കാൻ നീ അമ്മച്ചിയോട് ചെന്ന് പറ."

ഞാൻ ഓടി അടുക്കളയില് ചെല്ലുമ്പോൾ അമ്മച്ചി ചായയും നാല്മണിക്കുണ്ടാക്കിയ പലഹാരങ്ങളും ആയി വരുന്നുണ്ടാകും. അപ്പച്ചൻ കുളികഴിഞ്ഞു വരുമ്പോളേക്കും ഞാനും അമ്മച്ചിയും വടക്കെ തിണ്ണയില് അപ്പച്ചന്റെ ചാര് കസേരയുടെ അടുത്തായി സ്ഥാനം പിടിക്കും.

അന്ന് വന്നപ്പോള് അപ്പച്ചന്റെ കൈയില് ഒരു എഴുത്തുണ്ടായിരുന്നു. നീലനിറമുള്ള, വിമാനത്തിന്റെ പടമുള്ള എഴുത്തുകള് ആരുടെയാണെന്ന് എനിക്കറിയാം. ഞാൻ ഓടിച്ചെന്ന് അപ്പച്ചന്റെ കൈയിൽ നിന്നും എഴുത്ത് വാങ്ങിച്ചു. "എന്നാ അപ്പച്ചാ, അപ്പാ എഴുതിയിരിക്കുന്നെ?" ഞാൻ അപ്പച്ചന്റെ മുഖത്തേക്ക് നോക്കി. അപ്പച്ചൻ ഒന്നും മിണ്ടാതെ, എഴുത്ത് വാങ്ങിച്ച് അമ്മച്ചിയുടെ നേരെ നീട്ടി.

"ഉച്ചക്ക് പോസ്റ്റ്മാൻ പടിഞ്ഞാറെ വരമ്പത്ത് വെച്ച് കണ്ടപ്പോൾ തന്നതാ, അവനിവിടം വരെ വരാതെയും കഴിച്ചു. ഇപ്പോളാ ആ കാര്യം ഓർത്തത്.

"അമ്മച്ചി കണ്ണാടി എടുക്കാൻ അകത്തെ മുറിയിലേക്ക് നടന്നു. അപ്പച്ചൻ വന്നു ചാർകസേരയില് കിടന്നു. എന്നെയും കയറ്റി നെഞ്ചത്ത് കിടത്തി. ഞാൻ മിണ്ടാതെ കിടന്നു, അപ്പച്ചനും.

അപ്പയുടെ എഴുത്ത് വരുമ്പോളെല്ലാം ഞങ്ങള് മൂന്നും കൂടെ ഇരുന്നാണ് വായന.

ഞാൻ ഓർക്കുകയായിരുന്നു...

എനിക്ക് മൂന്നു മാസം പ്രായം ഉള്ളപ്പോള് അവരെന്നെ അപ്പച്ചന്റേം അമ്മച്ചീടേം അടുത്തുകൊണ്ട് വിട്ടിട്ടു പോയതാണ്. ഇടയ്ക്കെപ്പോഴോ, എനിക്ക് രണ്ടുവയസുള്ളപ്പോള് കാണാൻ വന്നത് എല്ലാരും പറഞ്ഞു കേട്ടിട്ടുണ്ട്. ഞാൻ അടുപ്പം കാണിക്കാഞ്ഞതില് എന്റെ അമ്മ കരഞ്ഞാണ് തിരികെ പോയതെന്നും അറിഞ്ഞു. ചായ്പ്പിലെ പെട്ടിക്കകത്ത് പല നിറമുള്ള പാവകളും കാറുകളും, എല്ലാം അവരുടെ സമ്മാനങ്ങളാണെന്നും അറിയാം. അമ്മച്ചിടെ വലിയ അലമാരിയില് ഉള്ള എന്റെ കുഞ്ഞുടുപ്പുകള്, തലയില് കുത്തുന്ന പൂ സ്ലൈഡുകള്, ഇവിടെയെങ്ങും ആർക്കും ഇല്ലാത്ത തരം പൂക്കുടകൾ എല്ലാം അമ്മ എനിക്ക് വേണ്ടി ആരുടെയോ കൈയില് കൊടുത്തു വിടുന്നവയാണെന്നും അറിയാം.

റോസിയും കാർത്യായനിയും കാണുമ്പോളെല്ലാം എന്നെ ചൊടിപ്പിക്കാനായി ഈ കാര്യം പറയും. "ഓ കൊച്ചു നാളെ വിമാനത്തില് കയറി അങ്ങ് പോകുവേലെ, അവിടെയാ കൊച്ചിന്റെ എല്ലാരും. കൊച്ചിന്റെ വീട് ഇതല്ല, അങ്ങ് അമേരിക്കേലാ കൊച്ചിന്റെ വീട്." ഞാൻ അവരോടു തിരിച്ചു ഒന്നും രണ്ടും പറയും. അരിശത്തോടെ അവളെ 'പോടീ' എന്ന് വിളിക്കും. ഇതല്ലെ എന്റെ വീട്? ഇനി അഥവാ ഞാൻ പോയാല് അപ്പച്ചനും അമ്മച്ചിയും എന്റെ കൂടെ വരുമോ?

ഒരു വലിയ നിശ്വാസത്തോടെ അപ്പച്ചന്റെ നെഞ്ചോടു ചാരിക്കിടന്ന് അമ്മച്ചി വായിക്കുന്നത് ശ്രദ്ധിച്ചു.

പ്രിയപ്പെട്ട അപ്പച്ചനും അമ്മച്ചിക്കും ജോയിയും മോളമ്മയും എഴുതുന്നത്, അപ്പച്ചനും അമ്മച്ചിക്കും സുഖം തന്നെ എന്ന് വിശ്വസിക്കുന്നു. പാടത്ത് ഇപ്പള് കൊയ്ത്തു നടക്കുവാരിക്കും അല്ലെ? മഴ ഉണ്ടോ? ഇവിടെ ഭയങ്കര മഞ്ഞും തണുപ്പും ആണ്. പൊറത്തോട്ടിറങ്ങാൻ വയ്യാത്തത് പോലെ. ചിന്നുമോള് എന്നാ പറയുന്നു? അവൾക്ക് സുഖമാണോ? അവള് വളർന്നോ? ഭക്ഷണം എല്ലാം നന്നായി കഴിക്കുന്നുണ്ടോ? അവള് ഞങ്ങളെക്കുറിച്ച് ചോദിക്കാറുണ്ടോ?



അവൾക്ക് ഞാൻ കൊടുത്തുവിട്ട ഉടുപ്പുകള് എല്ലാം പാകമാണോ? വിറ്റാമിൻ ഗുളികകൾ മുടങ്ങാതെ കൊടുക്കണം. അവളുടെ കാലിലെ കരപ്പൻ മാറിയോ? കഴിയുന്നതും മണ്ണില് കളിപ്പിക്കരുത്. തോട്ടില് അവള് തന്നെ ഇറങ്ങുമോ? ഇപ്പഴേ നീന്തല് ഒന്നും പഠിപ്പിക്കണ്ടാരുന്നു. പറ്റുമെങ്കില് അവളെ ഈ മാസം തന്നെ ടൗണിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ നേഴ്സറിയില് ചേർക്കാൻ നോക്ക്. ഇപ്പോള് നാലര വയസായില്ലെ? അവൾക്ക് പോകാൻ മടി കാണും. എന്ന് പറഞ്ഞു വിടാതെ ഇരിക്കരുത്. അന്ന് ഞാൻ പറഞ്ഞപ്പോള് വിട്ടിരുന്നേല് അവള് ഇപ്പോൾ ഇംഗ്ലീഷ് പറയാനെങ്കിലും പഠിച്ചേനെ! എല്ലാം കുറച്ചു പഠിച്ചു കഴിഞ്ഞാല് അവൾക്ക് ഇവിടെ വന്നാല് എളുപ്പം ആയിരിക്കും. ഞങ്ങള് ഉടനെ വരാൻ തിരക്ക് കൂട്ടുന്നില്ല. മോളി ഇതുവരെ നഴ്സിംഗ് പരീക്ഷ പാസായില്ല. തന്നെയുമല്ല അവൾക്ക് വിശേഷവും ആണ്. മൂന്നുമാസം ആയി. അവളുടെ അമ്മ പ്രസവം ആകുമ്പോള് കൂടെ വന്നു നില്ക്കാം എന്ന് പറയുന്നുണ്ട്. മോളീടെ അമ്മച്ചി വരുമ്പോള് ചിന്നുവിനെയും കൂടെ കൊണ്ട് പോരാം എന്ന് പറഞ്ഞ്. കടലാസുകള് എല്ലാം ഞാൻ വേഗം അയയ്ക്കാം. ഇനി അവള് ഇവിടേക്ക് പോരട്ടെ. നിങ്ങൾക്കും പ്രായം ആയി വരികയല്ലെ" ഇങ്ങനെയായിരുന്നു ആ എഴുത്തിന്റെ ഉള്ളടക്കം.

അത് വായിച്ച് അപ്പച്ചൻ തല കുമ്പിട്ടിരുന്നു. അമ്മച്ചി ഒരു വല്ലാത്ത മൂളലോടെ അടുക്കളയിലേക്ക് നടന്നു. ഞാൻ രണ്ടുപേരെയും മാറിമാറി നോക്കി. ആരും ഒന്നും പറയുന്നില്ല. ഞാൻ വെറുതെ അപ്പച്ചന്റെ നെഞ്ഞിലേക്ക് ചാരിക്കിടന്നു. അപ്പച്ചൻ എന്നെ ചേർത്ത് പിടിച്ചു... മുഖത്ത് ഉമ്മ തന്നു. എന്റെ മുഖത്തേക്ക് അപ്പച്ചന്റെ ചൂടുള്ള കണ്ണുനീർ തുള്ളികള് ഇറ്റിറ്റു വീഴുന്നുണ്ടോ? ഞാൻ തപ്പി നോക്കി. "എന്തിനാ അപ്പച്ചാ കരയുന്നെ?" രണ്ടു കൈയും കഴുത്തില് ചുറ്റി ഞാൻ അപ്പച്ചനെ കെട്ടിപ്പിടിച്ചു.

പറമ്പില് എവിടെയോ വീട് മാറിപ്പോയ കുഴിയാനക്കുഞ്ഞുങ്ങള് കരഞ്ഞു നടക്കുന്നുണ്ടോ? ഞാൻ ചെവിയോർത്തു കൊണ്ടിരുന്നു...

---

കവിത

# വാനില

ബിജു സി.പി

**വാ**നില അച്ചടക്കമുള്ള
ഒരു വള്ളിച്ചെടിയാകുന്നു.
അത് പാവലിനെയും പടവലത്തെയും പോലെ
തോന്നിയേടം പാഞ്ഞ് പരപരാ പടരില്ല.
മത്തനെപ്പോലെ
കാളകിടന്ന് കയറോടില്ല.

വാനില വെറുമൊരു വെജിറ്റബിളല്ല.
അവളൊരാൾട്രാ മേഡേൺ,
അപ്പർ മിഡിൽ ക്ലാസ്-
കോസ്മെറ്റിക് സുന്ദരി
എങ്കിലോ, ദൈവഭയമുള്ളവൾ
താങ്ങുമരത്തിലേക്ക് അനുസരണയോടെ പടർന്ന്;
പ്രൗഢിയോടെ തുടുത്ത്;
കുലീനതയോടെ മുഖം കുനിച്ച്;

വാനില ഐസ്ക്രീമിന്റെയൊരു
രുചിഭേദമാകുന്നു.

അതു നമ്മൾ നട്ടുനനച്ചു വളർത്തി
യൂറോപ്പിലേക്കും യു.എസിലേക്കും
കയറ്റി അയച്ചു വിടുന്നു

വാനില ഒരു നാണ്യ വിളയാകുന്നു,
അതു തട്ടുതട്ടായ മലഞ്ചെരിവിൽ
മൺതടത്തിൽ പിടിച്ച്,
ഏതു മുള്ളുമുരിക്കിന്റെയും ചോട്ടിലായി
തൊട്ടാൽ എണ്ണ കിനിയുന്ന പച്ചത്തുടുപ്പിൽ വളർന്ന്
മണിമണിയായ് ബീൻസുവച്ച്
ഡോളറും യൂറോയും ചുരത്തുന്നു

എന്റെ വാനിലപ്പെണ്ണേ,
നിന്നെ ഞങ്ങൾ കേരളത്തിന്റെ
ദേശീയ വള്ളിച്ചെടിയായി പ്രഖ്യാപിക്കട്ടെയോ?